'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6194 — 20.11.2019 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.യു. ജനീഷ് കുമാർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുവേണ്ടി വനാതിർത്തിയിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, കയ്യാലകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്ന വിവരം പ്രദേശവാസികളെ അറിയിക്കുന്നതിനുവേണ്ടി എസ്.എം.എസ്. അലർട്ട് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ അവയെ കാട്ടിലേയ്ക്ക് തന്നെ തിരിച്ചു വിടുന്നതിന് ദ്രുതകർമ്മ സേനയുടെ സ്ഥിരം ഉദ്യോഗസ്ഥരും താത്ക്കാലിക ജീവനക്കാരും കൃത്യമായി പ്രവർത്തിച്ചു വരുന്നുണ്ട്. വേനൽ കാലങ്ങളിൽ ജലദൗർലഭ്യം മൂലം വന്യജീവികൾ വനാതിർത്തിയ്ക്ക് പുറത്തേയ്ക്ക് ഇറങ്ങാതിരിക്കുവാൻ വനത്തിനുള്ളിൽ കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നു. കൂടാതെ, ശോഷണം സംഭവിച്ച വനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. |
| (ബി) | കോന്നി നിയോജക മണ്ഡലത്തിൽ ഈ നടപടികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി 113.3 3 കി.മീ. ദൂരം സോളാർ വേലിയും, 3.042 കി.മീ. ദൂരം ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം എത്ര ഹെക്ടർ കൃഷി നശിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നാശം സംഭവിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തികളുടെ ഭൂമിയിലായതിനാൽ നാശം സംഭവിച്ച സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 1 4 4 അപേക്ഷകൾ ലഭിക്കുകയും, ആയതിന് 15,04,861/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്.<br><br>വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനു വേണ്ടി വനാതിർത്തിയിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, കയ്യാലകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വേനൽ കാലങ്ങളിൽ ജലദൗർലഭ്യംമൂലം വന്യജീവികൾ വനാതിർത്തിയ്ക്ക് പുറത്തേയ്ക്ക് ഇറങ്ങാതിരിക്കുവാൻ വനത്തിനുള്ളിൽ കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ